2024
MAY
31
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621



## കാവിയുടുത്ത് ധ്യാനനിരതനായി പ്രധാനമന്ത്രി നരേന്ദ്ര മോദി

**കന്യാകുമാരി:** വിവേകാനന്ദ സ്മാരകത്തിൽ ധ്യാനനിരതനായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 45 മണിക്കൂർ ധ്യാനം ഇന്നലെ ഏഴരയോടെയാണ് തുടങ്ങിയത്. കാവി വസ്ത്രം ധരിച്ചാണു ധ്യാനത്തിലിരിക്കുന്നത്. രാത്രി ചൂടുവെള്ളം മാത്രമാണ് പ്രധാനമന്ത്രി കുടിച്ചത്. പ്രത്യേക മുറി ഒരുക്കിയിരുന്നെങ്കിലും ഉപയോഗിച്ചില്ല. ധ്യാനമണ്ഡപത്തിൽ നിലത്താണ് പ്രധാനമന്ത്രി രാത്രി കഴിച്ചുകൂട്ടിയത്. പുലർച്ചെ സൂര്യോദയം കണ്ടശേഷം പ്രാർഥനയിലേക്ക് കടന്നു. നാളെ ഉച്ചയ്ക്കു ശേഷം ധ്യാനം അവസാനിപ്പിച്ച് തിരുവനന്തപുരം വഴി ഡൽഹിക്കു മടങ്ങും.

ഇന്നലെ 5.10നു കന്യാകുമാരിയിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങിയ പ്രധാനമന്ത്രി ഗെസ്റ്റ് ഹൗസിൽ വസ്ത്രം മാറി വെള്ളമുണ്ടും മേൽമുണ്ടുമണിഞ്ഞാണു പുറത്തേക്കു വന്നത്. ക്ഷേത്രത്തിലെത്തിയ പ്രധാനമന്ത്രിയെ പൂജാരിമാർ പൂർണകുംഭം നൽകി സ്വീകരിച്ചു. കന്യാകുമാരി ദേവിയുടെ ചില്ലിട്ട ചിത്രവും പ്രധാനമന്ത്രിക്കു സമ്മാനിച്ചു.

ബോട്ടിൽ നിന്നിറങ്ങി സ്മാരകത്തിന്റെ പടവുകൾ കയറി ധ്യാനമണ്ഡപത്തെ വലംവച്ച ശേഷം അൽപനേരം പ്രാർഥനയിൽ മുഴുകിയ പ്രധാനമന്ത്രി 7ന് താൽക്കാലിക പാലത്തിലൂടെ നടന്ന് സമീപത്തെ തിരുവള്ളുവർ പ്രതിമയ്ക്കു മുന്നിലെത്തി പുഷ്പാർച്ചന നടത്തി. വിവേകാനന്ദ സ്മാരകത്തിലേക്കു തിരികെയെത്തി ഏഴരയോടെ ധ്യാനം തുടങ്ങി.

# അതിർത്തിക്കടുത്ത് അത്യാധുനിക യുദ്ധവിമാനങ്ങൾ വിന്യസിച്ച് ചൈന

## നീക്കം സിക്കിമിനു സമീപം

**ന്യൂഡൽഹി:** ഇന്ത്യയുടെ അതിർത്തിയിൽനിന്ന് 150 കിലോമീറ്റർ അകലത്തിൽ ചൈനയുടെ അത്യാധുനിക ജെ 20 സ്റ്റെൽത്ത് യുദ്ധവിമാനങ്ങൾ വിന്യസിച്ചതായി റിപ്പോർട്ട്. മേയ് 27ന് ശേഖരിച്ച ഉപഗ്രഹ ചിത്രങ്ങളിലാണ് യുദ്ധവിമാനങ്ങളുടെ സാന്നിധ്യം കണ്ടെത്തിയത്. സിക്കിമിനോട് ചേർന്നുള്ള ഷിഗാറ്റ്സെയിലെ വിമാനത്താവളത്തിലാണ് 6 ചൈനീസ് ജെ20 സ്റ്റെൽത്ത് ഫൈറ്ററുകൾ കണ്ടെത്തിയത്.

ടിബറ്റിലെ രണ്ടാമത്തെ വലിയ നഗരമായ ഷിഗാറ്റ്സെയിൽ സൈനിക, സിവിലിയൻ വിമാനത്താവളത്തിലെ ഫ്ലൈറ്റ് ലൈനിലാണ് 6 ഫൈറ്ററുകളുടെയും സാന്നിധ്യം ഉപഗ്രഹചിത്രങ്ങൾ വ്യക്തമാക്കിയത്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ വിമാനത്താവളങ്ങളിൽ ഒന്നായ ഷിഗാറ്റ്സെ 12,408 അടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ചിത്രങ്ങൾ പ്രകാരം ഒരു കെ ജെ 500 എയർബോൺ ഏർലി വാണിങ് ആൻഡ് കൺട്രോൾ എയർക്രാഫ്റ്റും ദൃശ്യമാണ്.



ജെ 20 സ്റ്റെൽത്ത് ഫൈറ്റർ ചൈനയുടെ ഏറ്റവും നൂതന പ്രവർത്തനക്ഷമതയുള്ള യുദ്ധവിമാനങ്ങളാണെന്നും, ഇവ ചൈനയുടെ കിഴക്കൻ പ്രവിശ്യകളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവയാണെന്നും ടെക്നോളജി ആൻഡ് അനാലിസിസ് അറ്റ് ഓൾ സോഴ്സ് എന്ന സ്വകാര്യ ഗവേഷണകേന്ദ്രം അറിയിച്ചു.

ടിബറ്റിലെ വിമാനത്താവളത്തിൽ ഈ വിമാനങ്ങൾ പ്രത്യക്ഷപ്പെടുന്നത്, അതിന്റെ സാധരണ പ്രവർത്തനമേഖലയെ മറികടക്കുന്നതിന്റെ അടയാളമാണെന്നും ഇവർ പറയുന്നു.

# സമ്മർദത്തിലേറി ഓഹരി വിപണികൾ

**കൊച്ചി:** ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ഫലമെന്താകുമെന്ന ആശങ്ക വിപണിയെ പിടിച്ചുലയ്ക്കുകയാണ്. നഷ്ടത്തിൽ നിന്ന് കൂടുതൽ നഷ്ടത്തിലേക്ക് വീഴുകയാണ് ഇന്ത്യൻ ഓഹരി സൂചികകൾ. നിക്ഷേപകർ ലാഭമെടുത്ത് പിന്മാറുന്നതാണ് പ്രതിസന്ധി. തുടർച്ചയായ അഞ്ചാം ദിവസമാണ് വിപണി ചുവപ്പിൽ അവസാനിക്കുന്നത്. അമെരിക്കയിൽ വീണ്ടും പലിശഭാരം കൂടാൻ സാധ്യതയുണ്ടെന്ന വിലയിരുത്തലുകളും വിപണിയുടെ വീഴ്ചയ്ക്ക് ആക്കംകൂട്ടി. പണപ്പെരുപ്പം ഇപ്പോഴും വെല്ലുവിളി തന്നെയാണെന്നും കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് ഇനിയും അടിസ്ഥാന പലിശനിരക്ക് കൂട്ടിയേക്കുമെന്നുമുള്ള അഭിപ്രായങ്ങൾ ആഗോളതലത്തിൽ ഓഹരി വിപണികൾക്ക് തിരിച്ചടിയായി. അമെരിക്കയുടെ കഴിഞ്ഞമാസത്തെ പണപ്പെരുപ്പക്കണക്കും ഇന്ത്യയുടെ കഴിഞ്ഞ വർഷത്തെയും മാർച്ച് പാദത്തിലെയും ജിഡിപി കണക്കും ഇന്ന് അറിയാമെന്നതും വിപണിയെ ടെൻഷനടിപ്പിക്കുന്നു. അമെരിക്കൻ ഓഹരി വിപണികൾ അര ശതമാനം മുതൽ 1.06 ശതമാനം വരെയും ഏഷ്യൻ വിപണികൾ ഒരു



ശതമാനത്തിലധികവും ഇടിഞ്ഞത് ഇന്ത്യൻ ഓഹരികളിലും വൻ സ്വാധീനം ചെലുത്തി.

സെൻസെക്സ് 617.30 പോയിൻറ് (0.83%) താഴ്ന്ന് 73,885.60ലും നിഫ്റ്റി 216.05 പോയിൻറിടിഞ്ഞ് (0.95%) 22,488.65ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. നിഫ്റ്റി50ൽ 10 ഓഹരികൾ നേട്ടത്തിലേറിയപ്പോൾ 40 എണ്ണം നഷ്ടത്തിലേക്ക് വീണു. ഐസിഐസിഐ ബാങ്കാണ് 1.45 ശതമാനം ഉയർന്ന് നേട്ടത്തിൽ മുന്നിൽ. ടാറ്റാ സ്റ്റീൽ 5.19 ശതമാനം ഇടിഞ്ഞ് നഷ്ടത്തിലും മുന്നിലെത്തി. ആക്സിസ് ബാങ്ക്, എസ്ബിഐ, എച്ച്ഡിഎഫ്സി ബാങ്ക്, ഭാരതി എയർടെൽ എന്നിവ മികച്ച നേട്ടമുണ്ടാക്കിയപ്പോൾ ടെക് മഹീന്ദ്ര, ഗ്രാസിം ഇൻഡസ്ട്രീസ്, ബജാജ് ഫിൻസെർവ്, വിപ്രോ തുടങ്ങിയ ഓഹരികൾ ഇടിഞ്ഞു.

ബിഎസ്ഇ സ്മോൾ ക്യാപ് 1.33 ശതമാനവും ബിഎസ്ഇ മിഡ്ക്യാപ് 1.21 ശതമാനവും ഇടിഞ്ഞു. സെക്റ്ററൽ സൂചികകളിൽ നിഫ്റ്റി ബാങ്കും മീഡിയയും ഒഴികെയുള്ള എല്ലാ സൂചികകളും ഇടിഞ്ഞു. നിഫ്റ്റി മെറ്റൽ സൂചിക 3 ശതമാനത്തിലധികം നഷ്ടം നൽകി. നിഫ്റ്റി ഐടി സൂചിക 2 ശതമാനത്തിലധികം താഴ്ന്നു. നിഫ്റ്റി ഹെൽത്ത്കെയർ, ഫാർമ, കൺസ്യൂമർ ഡ്യൂറബിൾസ്, ഓയിൽ ആൻഡ് ഗ്യാസ്, എഫ്എംസിജി, ഓട്ടോ സൂചികകൾ 1 ശതമാനത്തിലധികം ഇടിഞ്ഞു.ബിഎസ്ഇയിലെ ലിസ്റ്റഡ് കമ്പനികളുടെ സംയോജിത വിപണിമൂല്യം 4.73 ലക്ഷം കോടി രൂപ താഴ്ന്ന് 410.36 ലക്ഷം കോടി രൂപയായി. 415.09 ലക്ഷം കോടി രൂപയിൽ നിന്നാണ് വീഴ്ച. കഴിഞ്ഞ അഞ്ച് ദിവസത്തിനിടെ നിക്ഷേപകരുടെ കീശയിൽ നിന്ന് ചേർന്നത് 9.86 ലക്ഷം കോടി രൂപയാണ്.





കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ 38ാമത് വാർഷിക സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. ടി എ ഉമ്മർ, കെ എ നാദിർഷ,പ്രദീപ് ജോസ്, ഷക്കീല സുഹൃദൻ , ജയ പീറ്റർ, സി എസ് അജ്മൽ, അഡ്വ. എ ജെ റിയാസ്, പി എ സഫറുള്ള, സി യു താഹ, പി വി മോഹൻദാസ്, എസ് മനോജ്കുമാർ,എഡ്വേർഡ് ഫോസ്റ്റസ്,എം സി പോൾസൺ, അബ്ദുൾ റസാഖ്, കെ എസ് നിഷാദ്, ടി പി പുരുഷോത്തമൻ, കെ ടി ജോയ്, സിൽവസ്റ്റർ സമീപം

# കെവിവിഇഎസ് വാർഷിക സമ്മേളനം

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ 38ാമത് വാർഷിക സമ്മേളനവും ഭാരവാഹി തിരഞ്ഞെടുപ്പും നടന്നു. പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിൽ നടന്ന സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് അധ്യക്ഷത വഹിച്ചു.ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ട്രഷറർ സി എസ് അജ്മൽ, ജില്ലാ വൈസ് പ്രസിഡന്റുമാരായ എം സി പോൾസൺ, ജിമ്മി ചക്യത്ത്, ജില്ലാ സെക്രട്ടറി അബ്ദുൾ റസാഖ്, കെ ടി ജോയ്, യൂത്ത വിംഗ് ജില്ലാ പ്രസിഡന്റ് കെ എസ് നിഷാദ്, എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് ജയാ പീറ്റർ, കലൂർ യൂണിറ്റ് പ്രസിഡന്റ് കെ എ നാദിർഷ, എളമക്കര യൂണിറ്റ് ജനറൽ സെക്രട്ടറി എസ് മനോജ്കുമാർ, ട്രഷറർ പി എ സഫറുള്ള, വൈസ് പ്രസിഡന്റുമാരായ ടി എ ഉമ്മർ, പി വി മോഹൻദാസ്, ജോയിന്റ് സെക്രട്ടറിമാരായ സിൽവസ്റ്റർ, സി യു താഹ, ഫിനാസ് കമ്മിറ്റി ചെയർമാൻ ടി പി പുരുഷോത്തമൻ തുടങ്ങിയവർ സംസാരിച്ചു.




# എൻ എഫ് ആർ കൊച്ചി ഫിലിം ഫെസ്റ്റിവലിന് തുടക്കമായി

**കൊച്ചി:** 'എൻ എഫ് ആർ കൊച്ചി ഫെസ്റ്റിവൽ' എന്ന പേരിൽ സംഘടിപ്പിച്ചിരിക്കുന്ന നാല് മാസം നീണ്ടു നിൽക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന് നിയോ ഫിലിം സ്കൂൾ ക്യാമ്പസിൽ തുടക്കമായി. മേള ഒക്ടോബർ ആറിന് സമാപിക്കും.നിയോ ഫിലിം സ്കൂളിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എം പി ലോഗോ പ്രകാശനവും മേയർ അനിൽകുമാർ മേളയുടെ ഔദ്യോഗിക പ്രഖ്യാപനവും നടത്തി.നടിയും സാംസ്കാരിക പ്രവർത്തകയുമായ കുക്കു പരമേശ്വരൻ ബ്രോഷർ റിലീസ് നിർവ്വഹിച്ചു. ഫെസ്റ്റിവൽ ഡയറക്ടറും ചലച്ചിത്ര സംവിധായകനുമായ സിബി മലയിൽ അധ്യക്ഷനായിരുന്നു. മേളയുടെ ഡയറക്ടർ ഡോ.ജെയിൻ ജോസഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ ലിയോ തദ്ദേവൂസ്, നടനും സംവിധായകനുമായശ്രീകാന്തമുരളി എന്നിവർ പ്രസംഗിച്ചു. .ഈ അന്തർദേശീയ ഫെസ്റ്റിവലിൽ എൻ എഫ് ആർ അവാർഡിനായുള്ള ഷോർട്ട് ഫിലിം, ഡോക്യുമെന്ററി, ആനിമേഷൻ എന്നീ വിഭാഗങ്ങളിലേക്ക് മത്സരങ്ങളും തിരക്കഥകൾ പിച്ച് ചെയ്യാനുള്ള പിച്ച് റൂം, ഫിലിം ഇൻവെസ്റ്റേഴ്സ് മീറ്റ്, മൂന്ന് ദിവസത്തെ ഫിലിം സമ്മിറ്റ് തുടങ്ങിയ നിരവധി പരിപാടികൾ ഉണ്ടായിരിക്കും. ദേശീയ അന്തർദേശീയ പ്രതിഭകൾ പങ്കെടുക്കുന്ന ആദ്യ സീസൺ കൊച്ചിയിൽ നടക്കും. ഷോർട്ട് ഫിലിം, ഡോക്യുമെന്ററി മേഖലകളിൽ നിർമ്മാതാക്കളെ കണ്ടെത്താനും അവ ശരിയായ രീതിയിൽ ബിസിനസ് മാതൃകകളാക്കി പ്രദർശിപ്പിക്കാനുള്ള വേദികൾ ഒരുക്കുമെന്നതാണ് മേളയുടെ പ്രധാന ആകർഷണം.കേരളത്തിലെ വിവിധ കലാലയങ്ങൾ, സംഘടനകൾ എന്നിവിടങ്ങളിൽ നിന്നും 400 ഓളം സന്നദ്ധ പ്രവർത്തകർ ഫെസ്റ്റിവലിനായി ഒരുങ്ങുന്നുണ്ട്. ജൂറി അംഗങ്ങൾ, കോൺക്ലേവ് പാനലുകൾ, ക്ലാസുകൾ നയിക്കുന്നവർ എന്നിങ്ങനെ ആഗോള തലങ്ങളിൽ പ്രശസ്തരായ 100ൽ പരം പ്രമുഖ വ്യക്തികൾ പരിപാടിയിൽ പങ്കെടുക്കും. വിവിധ മേഖലകളിൽ നിന്നുള്ള 50 പേരടങ്ങുന്ന കമ്മിറ്റിയാണ് ഫെസ്റ്റിവലിന് നേതൃത്വം നൽകുന്നത്.ക്രിയേറ്റീവ് ഇക്കോണമി ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ഫിലിം മേക്കിങ്ങിലേക്ക് പുതുതായി കടന്നുവരുന്നവർക്ക് അന്തർദേശീയ കാഴ്ചപ്പാടും പ്രവർത്തന രൂപരേഖയും കൈമാറുകയും അതുവഴി സിനിമയിലെ നൂതന സാധ്യതകളുടെ പ്രായോജകരാകുകയെന്ന ലക്ഷ്യത്തോടെയാണ് എൻ എഫ് ആർ കൊച്ചി ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതെന്ന് ഡോ. ജയിൻ ജോസഫ് പറഞ്ഞു. ഈ മുന്നേറ്റം വിദ്യാർത്ഥികൾ, സ്ത്രീകൾ, സംരംഭകർ, എല്ലാ മേഖലകളിലെയും കലാകാരന്മാർ, മുതിർന്ന പൗരന്മാർ തുടങ്ങിയ വിവിധ രംഗങ്ങളിലുള്ളവർക്കു ഫെസ്റ്റിവൽ പ്രയോജനമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# റിലയൻസ് പേഴ്സണൽ ആക്സിഡന്റ് 360 ഷീൽഡ്

**മുംബൈ:** റിലയൻസ് ജനറൽ ഇൻഷുറൻസ് റിലയൻസ് പേഴ്സണൽ ആക്സിഡന്റ് 360 ഷീൽഡ് അവതരിപ്പിച്ചു. വ്യക്തികൾക്കും അവരുടെ കുടുംബത്തിനും സംരക്ഷണം നൽകുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന വ്യക്തിഗത അപകട ഇൻഷുറൻസ് പോളിസിയാണിതെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഒരു വ്യക്തിഗത അപകടത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും പരിരക്ഷിക്കുന്നതിനു മാത്രമല്ല ഈ പോളിസി രൂപകൽപ്പന ചെയ്തിരിക്കുന്നത് , ഒരു അപകടം മൂലം ഉണ്ടാകുന്ന മൊത്തത്തിലുള്ള ആഘാതം തടയുന്നതിനും കൂടിയാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

# സുഭാഷ് ബോസ് പാർക്ക് സന്ദർശന സമയം പുനർക്രമീകരിച്ചു

**കൊച്ചി:** സുഭാഷ് ബോസ് പാർക്കിന്റെ സന്ദർശന സമയം സാധാരണ ദിവസങ്ങളിൽ രാവിലെ 6:00 മുതൽ രാവിലെ 8:30 വരെയും ഉച്ചയ്ക്ക് 3:00 മുതൽ വൈകിട്ട് 8:30 വരെയും ആയിരുന്നു. ഈ സന്ദർശന സമയം ഉച്ചയ്ക്ക് ശേഷം ഒരു മണിക്കൂർ ദൈർഘ്യിപ്പിച്ച് ഉച്ചയ്ക്ക് 2:00 മുതൽ വൈകിട്ട് 8:30 വരെയും ആക്കി പുനർ ക്രമീകരിച്ചിട്ടുണ്ട്. പുതുക്കിയ സമയം 2024 ജൂൺ 01 മുതൽ പ്രാബല്യത്തിൽ വരും.ഉത്സവ അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും ഉള്ള സന്ദർശന സമയം നിലവിൽ ഉള്ളത് പോലെ രാവിലെ 6:00 മുതൽ രാവിലെ 8:30 വരെയും രാവിലെ 11:00 മുതൽ വൈകിട്ട് 8:30 വരെയും ആയി തുടരും.

# ട്രൂകോളർ: ഉപയോക്താക്കളുടെ എണ്ണം 400 ദശലക്ഷം കടന്നു

**ബംഗളൂരു:** കോൺടാക്റ്റുകൾ പരിശോധിക്കുന്നതിനും അനാവശ്യ ആശയവിനിമയം തടയുന്നതിനുമുള്ള ആഗോള പ്ലാറ്റ്ഫോമായ ട്രൂകോളർ, പ്രതിമാസം 400 ദശലക്ഷം ഉപയോക്താക്കൾ എന്ന സുപ്രധാന നാഴികക്കല്ല് മറികടന്നതായി കമ്പനി അധികൃതർ പ്രഖ്യാപിച്ചു. വിവിധ സ്ഥലങ്ങളിലെ വിപണികളിൽ ട്രൂകോളർ അതിവേഗം വളരുന്നു, ഈ വർഷം മാർച്ച് 31 ആയപ്പോൾ അത് 10.1 ദശലക്ഷം ഉപയോക്താക്കളായിരുന്നു.



# ഐസിഎംഎഐ സ്ഥാപക ദിനാഘോഷം

**കൊച്ചി:** ഇൻസ്റ്റിട്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യ (ഐസിഎംഎഐ) യുടെ അറുപത്തിയഞ്ചാം സ്ഥാപക ദിനാഘോഷത്തിൻറെ ഭാഗമായി ചാറ്റ് വിത്ത് സിഎംഎ ലെജൻഡ്സ് എന്ന പേരിൽ പ്രൊഫഷണൽ ഡെവലപ്മെൻറ് പ്രോഗ്രാം സംഘടിപ്പിച്ചു. സിഎംഎ ഭവനിൽ നടന്ന പരിപാടിയിൽ ഔദ്യോഗിക മേഖലയിൽ വിജയം കൈവരിച്ച കോസ്റ്റ് ആൻഡ് മാനേജ്മെൻറ് അക്കൗണ്ടന്റുമാർ അനുഭവങ്ങളും അറിവുകളും പങ്കുവച്ചു.

ഫാക്ട് ധനകാര്യ വിഭാഗം ഡയറക്ടർ എസ് . ശക്തിമണി, കൊച്ചി കപ്പൽശാല ധനകാര്യ വിഭാഗം ഡയറക്ടർ വി.ജെ ജോസ്, നെസ്റ്റ് ഗ്രൂപ്പിൻറെ എസ്എഫ്ഒ ടെക്നോളജീസ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ ജയരാജ് കുളങ്ങര എന്നിവർ വിവിധ കമ്പനികളെ ലാഭകരമാക്കിയ അനുഭവങ്ങൾ പങ്കുവച്ചു. തങ്ങളുടെ പ്രൊഫഷണൽ യാത്രയും നേരിട്ട വെല്ലുവിളികളും അതിജീവനവുമെല്ലാം അവർ പങ്കുവെച്ചു. ജെയ്ൻ സർവകലാശാല ഡീൻ ഡോ. കെ. ശ്രീകുമാർ മോഡറേറ്ററായിരുന്നു.

# എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ്

**കൊച്ചി:** കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് 202324 വർഷത്തെ ക്രെഡിറ്റ് കാർഡ് പ്രസിദ്ധീകരിച്ചു. ജീവനക്കാർക്ക് kpepf.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ക്രെഡിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം.

# എയർ ഇന്ത്യ എക്സ്പ്രസിൽ ടൈം ടു ട്രാവൽ സെയിൽ

**കൊച്ചി:** 1177 രൂപ മുതൽ ആരംഭിക്കുന്ന നിരക്കുകളുമായി എയർ ഇന്ത്യ എക്സ്പ്രസിൻറെ ടൈം ടു ട്രാവൽ സെയിൽ. സെപ്റ്റംബർ 30 വരെയുള്ള യാത്രകൾക്കായി ജൂൺ 3 വരെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്കാണ് നിരക്കിളവ്. എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലും മൊബൈൽ ആപ്പിലും ഓഫർ ലഭ്യമാണ്.




ക്യാബിൻ ബാഗേജുമായി മാത്രം യാത്ര ചെയ്യുന്നവർക്ക് സാധാരണ നിരക്കിലും താഴെയുള്ള എക്സ്പ്രസ് ലൈറ്റ് ടിക്കറ്റുകൾ 1177 രൂപ മുതൽ ഉള്ള നിരക്കിൽ ലഭിക്കും. 10 കിലോ വരെ ഭാരമുള്ള ക്യാബിൻ ബാഗേജാണ് എക്സ്പ്രസ് ലൈറ്റ് യാത്രക്കാർക്ക് കൈയിൽ കരുതാവുന്നത്. ട്രാവൽ ഏജൻറുമാർക്ക് 1198 രൂപ മുതലാണ് ടിക്കറ്റ് നിരക്ക്. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലോ ആപ്പിലോ ലോഗിൻ ചെയ്ത് ടിക്കറ്റ് എടുക്കുന്നവർക്ക് ഗൌർമേർ ഭക്ഷണത്തിനും സീറ്റുകൾക്കും 25 ശതമാനം അധിക ഇളവ് ലഭിക്കും.

ടാറ്റാ ന്യൂപാസ് റിവാർഡ്സ് പ്രോഗ്രാം അംഗങ്ങൾക്ക് ഭക്ഷണം, സീറ്റ്, ബാഗേജ്, സൗജന്യമായി ടിക്കറ്റ് തിയതി മാറ്റാനും റദ്ദാക്കാനുമുള്ള അവസരം തുടങ്ങിയ പ്രത്യേക ആനുകൂല്യങ്ങൾക്ക് പുറമേ 8 ശതമാനം വരെ ന്യൂകോയിൻസും നേടാം. ലോയൽറ്റി അംഗങ്ങൾക്ക് പുറമേ വിദ്യാർഥികൾ, മുതിർന്ന പൗരന്മാർ, ചെറുകിട ഇടത്തരം സംരംഭകർ, സായുധ സേനാംഗങ്ങൾ, ആശ്രിതർ എന്നിവർക്കും മൊബൈൽ ആപ്പിലൂടേയും വെബ്സൈറ്റിലൂടെയും പ്രത്യേക നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാകും.

# കൊച്ചി വിമാനത്താവളത്തിലൂടെ ഇനി മരുന്നും ഇറക്കുമതി ചെയ്യാം

**കൊച്ചി:** മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും ഇറക്കുമതി ചെയ്യാനുള്ള അംഗീകൃത വിമാനത്താവളമായി സിയാലിനെ അംഗീകരിച്ചു കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം വിജ്ഞാപനമിറക്കി. 1940 ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിൽ ഭേദഗതി വരുത്തിയാണ് മന്ത്രാലയം ഉത്തരവിറക്കിയത്.

ഇതോടെ, ഈ അനുമതി ലഭിക്കുന്ന 11 വിമാനത്താവളങ്ങളിലൊന്നായി മാറി സിയാൽ. ജീവൻരക്ഷാ മരുന്നുകളും മറ്റും ചെറിയ അളവിൽ, പ്രത്യേക അനുമതി ലഭ്യമാക്കിയാണ് ഇതുവരെ കൊച്ചിയിലേക്ക് എത്തിച്ചിരുന്നത്. ഇനി മുതൽ വൻകിട സ്റ്റോക്കിസ്റ്റുകൾക്ക് നേരിട്ട് കൊച്ചി വഴി മരുന്നുകളും സൗന്ദര്യവർധകവസ്തുക്കളും ഇറക്കുമതി ചെയ്യാനാകും.

വിദേശത്ത് നിന്നുള്ള സൗന്ദര്യവർദ്ധക വസ്തുക്കൾ, കപ്പൽ മാർഗ്ഗമോ കേരളത്തിന് പുറത്തുള്ള മറ്റ് വിമാനത്താവളങ്ങൾ മുഖാന്തരമോ ആണ് ഇത് വരെ എത്തിച്ചിരുന്നത്. കൊച്ചി വിമാനത്താവളത്തിന് കേന്ദ്രാനുമതി ലഭിച്ചതോടെ ഈ സാഹചര്യത്തിന് മാറ്റമുണ്ടാകും.

2023'24 വർഷത്തിൽ സിയാൽ 63, 642 ടൺ കാർഗോയാണ് കൈകാര്യം ചെയ്തത്. ഇതിൽ 44, 000 ടൺ രാജ്യാന്തര കാർഗോയാണ്. കഴിഞ്ഞ 25 വർഷമായി, സിയാൽ ഡ്യൂട്ടിഫ്രീ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സൗന്ദര്യവർദ്ധക വസ്തുക്കൾ കപ്പൽ മാർഗ്ഗമാണ് ലഭ്യമാക്കിയിരുന്നത്.

ഈ സാഹചര്യമാണ് ഇപ്പോൾ മാറുന്നത്. ഇത്തരം വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സിയാൽ അധികൃതർ സമ്മർദം ചെലുത്തിയതിന്റെ ഫലമായാണ് ഈ അനുമതി ലഭിച്ചത്.

# ജാവ യെഡ്സി അഡ്വഞ്ചറിൽ മൗണ്ടൻ പായ്ക്ക്

**കൊച്ചി:** മലനിരകളിലേക്കുള്ള സാഹസിക റൈഡുകളുടെ സീസൺ ആരംഭത്തിൻറെ ഭാഗമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് തങ്ങളുടെ യെസ്ഡി അഡ്വഞ്ചർ മോഡലിൽ പുതിയ മൗണ്ടൻ പായ്ക്ക് അവതരിപ്പിച്ചു. പരിമിതമായ കാലയളവിൽ മാത്രമായിരിക്കും പ്രത്യേക പാക്കേജ് സ്റ്റാൻഡേർഡായി യെസ്ഡി അഡ്വഞ്ചറിനൊപ്പം ലഭിക്കുക.മെയിൻ കേജ്, നക്ൾ ഗാർഡ്സ്, ബാർ എൻഡ് വെയിറ്റ്സ്, ഹെഡ്ലാമ്പ് ഗ്രിൽ, ക്രാഷ് ഗാർഡ്, 2 വീതം 5 ലിറ്റർ ജെറി ക്യാനുകൾ എന്നിവയാണ് മൗണ്ടൻ പായ്ക്കിൽ ഉണ്ടാവുക. 17,500 രൂപ വിലയുള്ള മൗണ്ടൻ പായ്ക്ക് യെസ്ഡി അഡ്വഞ്ചറിനൊപ്പം സ്റ്റാൻഡേർഡായാണ് വരിക.ആകർഷകമായ 30.3പിഎസും 29.8എൻഎം ടോർക്കും നല്കുന്ന യെസ്ഡി അഡ്വഞ്ചറിൻറെ ശക്തമായ 334സിസി ലിക്വിഡ്കൂൾഡ് എഞ്ചിൻ ആയാസരഹിതമായ റൈഡിങ് ഉറപ്പാക്കും. 220എംഎം ഗ്രൗണ്ട് ക്ലിയറൻസാണ് മറ്റൊരു സവിശേഷത.2.15 ലക്ഷം രൂപയാണ് മൗണ്ടൻ പായ്ക്കിനൊപ്പം പൂർണമായി ലോഡുചെയ്ത യെസ്ഡി അഡ്വഞ്ചറിൻറെ ഡൽഹി എക്സ്ഷോറൂം പ്രാരംഭ വില.




# ഐ.ഐ.സി ലക്ഷ്യക്ക് 6 ദേശീയ റാങ്കുകൾ

**കൊച്ചി:** എസിസിഎ പരീക്ഷയിൽ ആറ് ദേശീയ റാങ്കുകൾ കരസ്ഥമാക്കി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് ലക്ഷ്യ. 2024 മാർച്ചിൽ നടന്ന പരീക്ഷയിൽ 3753 വിദ്യാർത്ഥികളും 2023 ഡിസംബറിൽ നടന്ന പരീക്ഷയിൽ 2613 പേരും യോഗ്യത നേടി.

അഡ്വാൻസ്ഡ് ഓഡിറ്റ് ആന്റ് അഷ്വറൻസ് പരീക്ഷയിൽ കൊച്ചി ഓഫ്‌ലൈൻ ബാച്ചിലെ വിദ്യാർത്ഥികൾ 100 ശതമാനം വിജയവും കരസ്ഥമാക്കി.

എസിസിഎ പരീക്ഷയിലെ ശ്രദ്ധേയമായ ഈ നേട്ടം ഞങ്ങളുടെ അർപ്പണബോധത്തിന്റെയും മികവിന്റെയും തെളിവാണെന്ന് ഐഐസി ലക്ഷ്യ മാനേജിങ് ഡയറക്ടർ ഓർവെൽ ലയണൽ പറഞ്ഞു.

# പുകയില വിരുദ്ധ ദിനാചരണം: സെമിനാർ നടത്തി

**കൊച്ചി:**ലോക പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലാ കാര്യാലയം സെമിനാറും ഫ് ളാഷ് മോബും സംഘടിപ്പിച്ചു. കാക്കനാട് സിവിൽ സ്റ്റേഷനിൽ നടന്ന യോഗത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഷോജൻ.എ.പി അധ്യക്ഷത വഹിച്ചു. 'ആധുനിക സമൂഹവും ലഹരിയുടെ വിപത്തും' എന്ന വിഷയത്തെ അധികരിച്ച് എക്സൈസ് ഓഫീസർ വിബിൻ ബോസ് മുഖ്യ പ്രഭാഷണം നടത്തി.

എറണാകുളം മഹാരാജാസ് കോളേജ്, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, തൃശ്ശൂർ വിമല കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥിനികൾ അവതരിപ്പിച്ച ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ഫ്ലാഷ് മോബ് ശ്രദ്ധേയമായി.



പരിപാടിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും ലഹരി വിരുദ്ധ പ്രതിജ്ഞ ചെയ്തു. സെമിനാറിന്റെ ഭാഗമായി ബി.ജെ.പ്രദീപ് പ്രശ്നോത്തരിയും നയിച്ചു. യോഗത്തിൽ ജില്ലാ സൈനിക ക്ഷേമ ഓഫീസർ ലെഫ്.കേണൽ റീത്താമ്മ.വി.ജെ (റിട്ട.), സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസർ സി.എൻ.രാധാകൃഷ്ണൻ, റിസർച്ച് അസിസ്റ്റന്റ് മനില.കെ.കെ, സൂര്യ നാരായൺ തുടങ്ങിയവർ സംസാരിച്ചു.






# എജ്യൂപ്രസ് പഠനോപകരണ വിതരണം നടത്തി

**കൊച്ചി:** എറണാകുളം പ്രസ് ക്ളബ് അംഗങ്ങളുടെ മക്കൾക്കായി എജ്യൂപ്രസ് പദ്ധതിയിൽ നൽകുന്ന പഠനോപകരണങ്ങളുടെ വിതരണം ചലച്ചിത്ര നടനും സംവിധായകനുമായ ശ്രീകാന്ത് മുരളി ഉദ്ഘാടനം ചെയ്തു. കുട്ടികൾ പേനയും പുസ്തകവും ആയുധമാക്കണമെന്നും അറിവാണ് ഏറ്റവും വലിയ സമ്പത്ത് എന്നും കണ്ടും കേട്ടും മനസിലാക്കി വളരണമെന്നും അദ്ദേഹം പറഞ്ഞു. നെസ്റ്റ് ഗ്രൂപ്പ് സീനിയർ വൈസ് പ്രസിഡന്റ് യു.എം. ഷാഫി മുഖ്യാതിഥിയായിരുന്നു. പ്രസ് കളബ് സെക്രട്ടറി എം സൂഫി മുഹമ്മദ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ഐ.എം.ഐ.എ. കേരള ചാപ്റ്റർ പ്രതിനിധി ജോസഫ് ജേണൽ,കെ.യു.ഡബ്ല്യൂ.ജെ. സംസ്ഥാന വൈസ് പ്രസിഡന്റ് സീമ മോഹൻലാൽ, പ്രസ് ക്ളബ് ട്രഷറർ മനു ഷെല്ലി സംസാരിച്ചു.

# മുന്നേറാം കരുത്തോടെ പുതിയ പ്രചാരണവുമായി പാരഗൺ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര പാദരക്ഷാ ബ്രാൻഡ് ആയ പാരഗൺ ബ്രാണ്ടിന്റെ രൂപമാറ്റം പ്രഖ്യാപിച്ചു. വിപണിയിൽ 50 വർഷം പൂർത്തിയാക്കുന്ന വേളയിലാണ് ബ്രാൻഡ് തങ്ങളുടെ പുതിയ രൂപമാറ്റം പ്രഖ്യാപിച്ചിട്ടുള്ളത്. 'മുന്നേറാം കരുത്തോടെ' എന്ന ടാഗ് ലൈനോടെയാണ് പ്രചാരണം.ഇന്ത്യൻ ജനതയുടെ വിസ്മയിപ്പിക്കുന്ന പ്രതിരോധ ശേഷിയും ധൈര്യവും നിലയ്ക്കാത്ത ശുഭാപ്തി വിശ്വാസവും ബഹുമാനിച്ചു കൊണ്ട് പാരഗൺ അതിന്റെ അടിസ്ഥാന മൂല്യങ്ങൾ ഉൾക്കൊണ്ട് കൊണ്ടും സാക്ഷാൽകരിച്ചതാണ് 'മുന്നേറാം കരുത്തോടെ' എന്ന ടാഗ് ലൈൻ എന്ന് പാരഗണിന്റെ എക്സിക്യൂട്ടീവ് വി പി സച്ചിൻ ജോസഫ് പറഞ്ഞു. "മുന്നേറാം കരുത്തോടെ' എന്ന ടാഗ്ലൈൻ പത്രങ്ങൾ, റേഡിയോ, ഔട്ട് ഡോർ, ഡിജിറ്റൽ പ്ലാറ്റ്ഫോം എന്നിവയിലൂടെ ഇന്ത്യയിലുടനീളം ഉടനെ പ്രചരണം തുടങ്ങും.

# പിരമൽ ഫിനാൻസിന് റീട്ടെയിൽ രംഗത്ത് നേട്ടം

**കൊച്ചി:** പിരമൽ എൻറർപ്രൈസസിൻറെ പൂർണ സബ്സിഡിയായ പിരമൽ ഫിനാൻസ് റീട്ടെയിൽ രംഗത്ത് മികച്ച നേട്ടമുണ്ടാക്കി. ആകെ കൈകാര്യം ചെയ്യുന്ന 68,845 കോടി രൂപയുടെ ആസ്തികളിൽ 70 ശതമാനവും റീട്ടെയിൽ വായ്പാ മേഖലയിൽ നിന്നാണ്. കേരളത്തിൽ കമ്പനിക്ക് 19 ബ്രാഞ്ചുകളാണുള്ളത്. ഭവന വായ്പകൾ, ചെറുകിട ബിസിനസ് വായ്പകൾ, യൂസ്ഡ് കാർ വായ്പകൾ, അൺസെക്യേർഡ് വായ്പകൾ തുടങ്ങിയവയാണ് റീട്ടെയിൽ വായ്പാ രംഗത്തു പ്രധാനമായുള്ളത്. പുതിയ രീതികളും സാങ്കേതികവിദ്യാ പിൻബലത്തോടെയുള്ള വായ്പകളും വഴി കൂടുതൽ നേട്ടമുണ്ടാക്കുകയാണ് കമ്പനിയുടെ രീതി. 2024 മാർച്ച് 31ലെ കണക്കു പ്രകാരം കമ്പനിക്ക് 26 സംസ്ഥാനങ്ങളിലായി 487 ശാഖകളും 194 മൈക്രോഫിനാൻസ് ശാഖകളുമാണുള്ളത്. 2025 സാമ്പത്തിക വർഷം 100 പുതിയ ശാഖകൾ കൂടി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.കേരളം തങ്ങളെ സംബന്ധിച്ച് ശക്തമായ വളർച്ചയുള്ള വിപണിയാണെന്നും ബജറ്റ് സംബന്ധിച്ച് ബോധവാൻമാരായ ഉപഭോക്താക്കൾക്കായി സേവനങ്ങൾ നൽകുന്നതു തങ്ങൾ തുടരുമെന്നും മെട്രോ ഇതര വിപണികളിൽ കൂടുതൽ ശക്തമായി മുന്നേറാനാണു ശ്രമിക്കുന്നതെന്നും പിരമൽ ഫിനാൻസ് മാനേജിങ് ഡയറക്ടർ ജെയ്റാം ശ്രീധരൻ പറഞ്ഞു.

# ഐപിഎൽ: 62 കോടിയിലധികം കാഴ്ചക്കാരെ നേടി ജിയോസിനിമ

**മുംബൈ:** ഐപിഎല്ലിന്റെ ഔദ്യോഗിക സ്ട്രീമിംഗ് പ്ലാറ്റ്ഫോമായ ജിയോസിനിമ, ഐപിഎൽ 2024 സീസണിൽ 2,600 കോടി വ്യൂസ് എന്ന റെക്കോർഡ് നേട്ടം കൈവരിച്ചതായി വയാകോം 18 വക്താവ് പറഞ്ഞു. 2023 ലെ ഐപിഎല്ലിനെ അപേക്ഷിച്ച് 53% വളർച്ചയാണ് ഉണ്ടായത്. ജിയോസിനിമയിലെ രണ്ടാം സീസൺ അവസാനിച്ചപ്പോൾ, പ്ലാറ്റ്ഫോം 35,000 കോടി മിനിറ്റിലധികം വീക്ഷണ സമയം രേഖപ്പെടുത്തി. ജിയോസിനിമയുടെ റീച്ച് 38% വർദ്ധിച്ച് ഈ സീസണിൽ 62 കോടിയിൽ എത്തി നിന്നു.
12 ഭാഷാ ഫീഡുകൾ, 4കെ വ്യൂ , മൾട്ടിക്യാം വ്യൂസ്, എ ആർ / വി ആർ വഴിയുള്ള സ്റ്റേഡിയം പോലുള്ള അനുഭവം, 360ഡിഗ്രി കാഴ്ച എന്നിവ കണക്റ്റഡ് ടിവി പ്രേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ സീസണിൽ 60 മിനിറ്റിലധികം ചെലവഴിച്ച ശരാശരി വീക്ഷണ സമയം 75 മിനിറ്റിലേക്ക് ഉയർന്നു
ജിയോസിനിമ 2024 സീസണിൽ ഒന്നാം ദിവസം 11.3 കോടിയിലധികം കാഴ്ചക്കാരെ നേടി.
ഇത് 2023 ലെ ഒന്നാം ദിനവുമായി താരതമ്യം ചെയ്യുമ്പോൾ 51% വർധനവാണ്. ഉദ്ഘാടന ദിവസം 59 കോടിയിലധികം വീഡിയോ കാഴ്ചകൾ രജിസ്റ്റർ ചെയ്തു.

# എലിപ്പനി ശക്തമായി പ്രതിരോധിക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എലിപ്പനി, ഡെങ്കിപ്പനി, വയറിളക്ക രോഗങ്ങൾ, എച്ച് 1 എൻ 1 തുടങ്ങിയ പകർച്ചവ്യാധികളാണ് പൊതുവേ കൂടുതലായി കാണുന്നത്. പലയിടത്തും വെള്ളക്കെട്ടുണ്ടാകുന്നതിനാൽ എലിപ്പനിയ്ക്കെതിരെ വളരെയേറെ ശ്രദ്ധിക്കണം. എലിപ്പനി പ്രതിരോധത്തിനായി മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. ഫീൽഡ്തല പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

ജില്ലകൾ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ യോഗത്തിൽ അവലോകനം ചെയ്തു. ക്യാമ്പുകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് മന്ത്രി നിർദേശം നൽകി. സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഐ എം എയുമായുള്ള അടിയന്തര യോഗം ചേരണം. സംസ്ഥാന തലത്തിൽ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. കൺട്രോൾ റൂം ഇല്ലാത്ത ജില്ലകളിൽ അടിയന്തരമായി കൺട്രോൾ റൂം ആരംഭിക്കും. ജില്ലാ തലത്തിൽ ഒരു ആശുപത്രിയിലെങ്കിലും 8 മണി വരെ പ്രത്യേക ഫീവർ ഒപി ഉണ്ടായിരിക്കണമെന്ന് നിർദേശിച്ചു. എല്ലാ മെഡിക്കൽ കോളേജിലും ഫീവർ ക്ലിനിക്ക് ആരംഭിക്കും. ആശുപത്രികളിൽ മതിയായ ജീവനക്കാരെ ഉറപ്പാക്കും. ആവശ്യമെങ്കിൽ അധിക ജീവനക്കാരെ ഈ കാലയളവിൽ നിയോഗിക്കാൻ മന്ത്രി നിർദേശം നൽകി. മഞ്ഞപ്പിത്തം ബാധിച്ച സ്ഥലങ്ങളിൽ പ്രത്യേകം ശ്രദ്ധ വേണം. കുടിവെള്ളത്തിൽ മഴ വെള്ളം കലരുന്നതിനാൽ കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യണം. വയറിളക്ക രോഗങ്ങൾക്കെതിരേയും ശ്രദ്ധയുണ്ടാവണം. ഭക്ഷണം മൂടിവയ്ക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.

ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ ആരോഗ്യ വകുപ്പ് നേരത്തെ തന്നെ ജാഗ്രതാ നിർദേശങ്ങൾ നൽകിയിരുന്നു. വീടുകളും ഓഫീസുകളും സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും പൊതു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണം.

എല്ലാ സ്കൂളുകളും കുടിവെള്ള സ്രോതസുകളുടെ ശുദ്ധത ഉറപ്പാക്കണം. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കണം. കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളം നൽകണം. പനിയോ മറ്റ് രോഗലക്ഷണങ്ങളോ ഉള്ള കുട്ടികളെ സ്കൂളിൽ വിടരുത്. കുട്ടികൾക്ക് യഥാസമയം ചികിത്സ ഉറപ്പാക്കണം.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ, ആർ ആർടി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# പാഠപുസ്തക വിതരണം പൂർത്തിയായി: വിദ്യാഭ്യാസ വകുപ്പിനൊപ്പം അഭിമാനം പങ്കിട്ട് കുടുംബശ്രീയും

**തിരുവനന്തപുരം:** സ്കൂൾ തുറക്കും മുമ്പേ സംസ്ഥാനമൊട്ടാകെയുള്ള വിദ്യാലയങ്ങളിൽ പാഠപുസ്തക വിതരണം പൂർത്തിയായപ്പോൾ വിദ്യാഭ്യാസ വകുപ്പിനൊപ്പം അഭിമാനം പങ്കിട്ട് കുടുംബശ്രീയും. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസുകളിലേക്കുള്ള 2.97 കോടി പാഠപുസ്തകങ്ങളുടെ വിതരണമാണ് ഇന്നലെ(3052024) പൂർത്തിയായത്. എയ്ഡഡ് അൺ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ 13000ത്തോളം വിദ്യാലയങ്ങളിൽ പഠിക്കുന്ന 45 ലക്ഷം വിദ്യാർഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. തുടർച്ചയായി നാലു വർഷവും പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിനൊപ്പം ചേർന്നു പ്രവർത്തിക്കാനായതാണ് കുടുംബശ്രീയുടെ നേട്ടം.വിദ്യാഭ്യാസ വകുപ്പും കേരള സർക്കാർ സ്ഥാപനമായ കേരള ബുക്ക്സ് ആൻഡ് പബ്ലിഷിങ്ങ് സൊസൈറ്റി(കെ.ബി.പി.എസ്)യുമായും സഹകരിച്ചു കൊണ്ട് ഏപ്രിൽ ആദ്യവാരത്തോടെയാണ് പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്. പുസ്തക വിതരണവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഹബ്ബുകളിലേക്ക് മുന്നൂറ്റി അമ്പതോളം കുടുംബശ്രീ വനിതകളെ തിരഞ്ഞെടുത്തിരുന്നു.

പുസ്തകങ്ങൾ അച്ചടിച്ച് ഓരോ ജില്ലകളിലുമുള്ള ഹബ്ബുകളിൽ എത്തിക്കുന്നതിന്റെ ചുമതല കെ.ബി.പി.എസിനാണ്. ഇവിടെ നിന്നും നൽകുന്ന എണ്ണത്തിന് ആനുപാതികമായി പുസ്തകങ്ങൾ തരം തിരിച്ച് പായ്ക്ക് ചെയ്യുന്ന ജോലികളാണ് കുടുംബശ്രീ അംഗങ്ങൾ പൂർത്തിയാക്കിയത്. ഈ പുസ്തകങ്ങൾ പിന്നീട് കെ.ബി.പി.എസിന്റെ നേതൃത്വത്തിൽ ഹബ്ബുകൾക്ക് കീഴിലുള്ള 3302 സൊസൈറ്റികൾക്ക് നൽകും. തുടർന്ന് ഇവിടെ നിന്നും ഓരോ വിദ്യാലയങ്ങളിലേക്കും പുസ്തകങ്ങൾ എത്തിക്കുകയായിരുന്നു. കുടുംബശ്രീയുടെ കീഴിലുള്ള സൂപ്പർവൈസർമാർ മുഖേനയാണ് ഹബ്ബിലെ പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിച്ചത്. സമയബന്ധിതമായി പൂർത്തിയാക്കിയത് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഏറെ സഹായകമായിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്നു കൊണ്ട് സംസ്ഥാനത്തെ കുടുംബശ്രീ ജില്ലാമിഷൻ ഓഫീസ് ജീവനക്കാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും അക്ഷീണ പരിശ്രമങ്ങളാണ് ചുരുങ്ങിയ സമയത്തിനുള്ളിൽ പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ സഹായിച്ചത്.



**ഡോ. ലിഷ പി ബാലൻ,** ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്, കൊച്ചി.

# എ.ഡി.എച്ച്.ഡി : പിന്നിൽ നിരവധി കാരണങ്ങൾ

'ഒരുനേരം അടങ്ങിയിരിക്കില്ല കുരുത്തംകെട്ട പിള്ളേർ, ഏത് നേരവും ഓടിക്കൊണ്ടിരിക്കും' ഇങ്ങനെ പരിഭവപ്പെടുന്ന മാതാപിതാക്കൾ നമുക്ക് ചുറ്റും എത്രപേരുണ്ടെന്നറിയാമോ? എ.ഡി.എച്ച്.ഡി അഥവാ അറ്റൻഷൻ ഡെഫിസിറ്റ്/ഹൈപ്പർആക്ടിവിറ്റി ഡിസോഡർ എന്ന അവസ്ഥയെ ആണ് അവർ വിവരിക്കുന്നത്. അടുത്തിടെ സിനിമാതാരം ഫഹദ് ഫാസിൽ തനിക്ക് എ.ഡി.എച്ച്.ഡി ഉണ്ടെന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചതായി വെളിപ്പെടുത്തിയതോടെയാണ് ഈ രോഗം മലയാളികൾ കൂടുതലായി ചർച്ച ചെയ്തുതുടങ്ങിയത്. തലച്ചോറിനെയും നാഡീവ്യൂഹത്തെയും ബാധിക്കുന്ന ഒരു രോഗമാണിത്. ഈ രോഗമുള്ള ഭൂരിഭാഗം പേരും തങ്ങൾക്ക് എ.ഡി.എച്ച്.ഡി യാണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ടുതന്നെ അവരതിന് ചികിത്സ തേടുന്നുമില്ല. ചെറുപ്പത്തിലേ ചികിത്സ കിട്ടാത്തതിനാൽ ഈ രോഗാവസ്ഥ വളരുമ്പോഴും കൂടെക്കൂടുകയും ആ വ്യക്തിക്ക് കൂടുതൽ വെല്ലുവിളികൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ദൈനംദിനജോലികളെ പോലും അത് ബാധിക്കുന്നു.

കുട്ടികളിൽ ഏറ്റവുമധികം കണ്ടുവരുന്ന മാനസികപ്രശ്നമാണ് എ.ഡി.എച്ച്.ഡി. ഏതെങ്കിലുമൊരു കാര്യത്തിൽ തുടർച്ചയായി ശ്രദ്ധിക്കാൻ കഴിയാതിരിക്കുക, ഹൈപ്പർആക്ടിവിറ്റി, എടുത്തുചാട്ടം എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷണങ്ങൾ. ക്ലാസ്റൂമുകളിലെ പെരുമാറ്റത്തിൽ നിന്നും അധ്യാപകരാണ് ഇതേറ്റവുമാദ്യം തിരിച്ചറിയുന്നത്. പലരും മുതിർന്നുകഴിയുമ്പോഴും കുട്ടികളിൽ ഏറ്റവുമധികം കണ്ടുവരുന്ന മാനസികപ്രശ്നമാണ് എ.ഡി.എച്ച്.ഡിയുടെ ലക്ഷണങ്ങൾ നേരിടേണ്ടിവരുന്നു. വളരുമ്പോൾ മാറുമെന്ന് പലരും പ്രതീക്ഷിക്കുന്ന ഒരു സാധാരണ വികൃതിസ്വഭാവം മാത്രമല്ല എ.ഡി.എച്ച്.ഡി.

**എന്താണ് എ.ഡി.എച്ച്.ഡിക്ക് കാരണം?**

എ.ഡി.എച്ച്.ഡിക്ക് പിന്നിൽ നിരവധി കാരണങ്ങൾ ഉണ്ടാകാം. പാരമ്പര്യം ഒരു വലിയ ഘടകമാണ്. ഗർഭകാലത്തെ പ്രമേഹം, തൈറോയ്ഡ് രോഗങ്ങൾ, ഗർഭകാലത്തെ അമ്മമാരുടെ മദ്യപാനവും പുകവലിയും, ഗർഭധാരണത്തിലെ സങ്കീർണതകൾ, കുട്ടിക്കാലത്ത് നമ്മൾ ജീവിക്കുന്ന ചുറ്റുപാടുകളിൽ പെട്ടെന്നുണ്ടാകുന്ന വലിയ മാറ്റങ്ങൾ എന്നിവയെല്ലാം എ.ഡി.എച്ച്.ഡിയിലേക്ക് നയിച്ചേക്കാം.



**ആദ്യകാല ലക്ഷണങ്ങൾ**

കുട്ടികളിൽ പലരൂപത്തിൽ എ.ഡി.എച്ച്.ഡി പ്രത്യക്ഷപ്പെടാറുണ്ട്. ഹൈപ്പർആക്ടിവിറ്റി, അടങ്ങിയിരിക്കാൻ കഴിയാത്ത അവസ്ഥ, ചിന്തിക്കാതെയുള്ള എടുത്തുചാട്ടം, ഒരാൾ സംസാരിക്കുമ്പോൾ ഇടക്കുകയറി സംസാരിക്കുക, അവരുടെ ഊഴം എത്തുന്നത് വരെ കാത്തിരിക്കാൻ കഴിയാതിരിക്കുക, അധികമായ ഊർജസ്വലത എന്നിവ എ.ഡി.എച്ച്.ഡിയുടെ ലക്ഷണങ്ങളാവാം. വേണ്ടവിധം ശ്രദ്ധിക്കാൻ കഴിയാത്തതിനാൽ പഠനത്തിലെ പ്രകടനവും മോശമാകാം.ഇത്തരം ലക്ഷണങ്ങൾ വീടുകളിലും സ്കൂളിലും പുറത്തുമുള്ള കുട്ടികളുടെ പെരുമാറ്റത്തിൽ വലിയ പ്രശ്നങ്ങൾക്കിടയാകാറുണ്ട്. ഇവ പരിഹരിക്കണമെങ്കിൽ എ.ഡി.എച്ച്.ഡി നേരത്തെ കണ്ടുപിടിക്കുകയും ചികില്സിക്കുകയും ചെയ്യേണ്ടതുണ്ട്.

**മുതിർന്നവരിലെ എ.ഡി.എച്ച്.ഡി**

ചെറുപ്പത്തിൽ എ.ഡി.എച്ച്.ഡി കണ്ടുപിടിച്ച് ചികിൽസിച്ചില്ലെങ്കിൽ വളരുമ്പോൾ വ്യത്യസ്തമായ പ്രശ്നങ്ങളായിരിക്കും അത് സൃഷ്ടിക്കുന്നത്. ഏതുകാര്യവും പിന്നീട് ചെയ്യാനായി മാറ്റിവെയ്ക്കുക, മാനസികനില അടിക്കടി മാറുക, അക്ഷമ, ദൈനംദിനവിഷയങ്ങൾ കൈകാര്യം ചെയ്യാനും ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കാനുമുള്ള ബുദ്ധിമുട്ട്, ശ്രദ്ധക്കുറവ്, അടിക്കടി ജോലി മാറുക, പുതിയ അറിവുകൾ നേടാനും കഴിവുകൾ സ്വായത്തമാക്കാനും കഴിയാതിരിക്കുക എന്നിവയാണ് അവയിൽ ചിലത്. എടുത്തുചാട്ടവും ശ്രദ്ധക്കുറവും ഉദ്യമങ്ങൾ ഏറ്റെടുക്കാനുള്ള മടിയും കാരണം ഇവരുടെ വ്യക്തിബന്ധങ്ങളിലും വിള്ളലുകൾ സംഭവിക്കാറുണ്ട്.

**കുട്ടികളിൽ ഏറ്റവുമധികം കണ്ടുവരുന്ന മാനസികപ്രശ്നമാണ് എ.ഡി.എച്ച്.ഡി. ഏതെങ്കിലുമൊരു കാര്യത്തിൽ തുടർച്ചയായി ശ്രദ്ധിക്കാൻ കഴിയാതിരിക്കുക, ഹൈപ്പർആക്ടിവിറ്റി, എടുത്തുചാട്ടം എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷണങ്ങൾ.**

പലപ്പോഴും പൊതുവെയുള്ള മടി, അലസത എന്നിവയായിട്ടൊക്കെ ആയിരിക്കും നമുക്ക് ഇവ തോന്നുക. വിദഗ്ധരുടെ പരിശോധനകളും ചികിത്സയും ലഭിച്ചെങ്കിലും മാത്രമേ ഈ രോഗം സ്ഥിരീകരിക്കാനും ചികിൽസിക്കാനും കഴിയൂ. ഈ പറഞ്ഞ ലക്ഷണങ്ങൾ ഉള്ളവർ തങ്ങൾക്ക് എ.ഡി.എച്ച്.ഡി ആയിരിക്കാം എന്ന് സംശയിക്കാറുണ്ട്. എന്നാൽ നമ്മുടെ നിത്യജീവിതത്തിലെ സാധാരണ കാര്യങ്ങളെ പോലും കാര്യമായി ബാധിക്കുന്ന തരത്തിലേക്ക് ഈ പ്രശ്നങ്ങൾ എത്തുമ്പോൾ മാത്രമാണ് അത് ക്ലിനിക്കൽ എ.ഡി.എച്ച്.ഡി ആയി മാറുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവ കാര്യമായ സ്വാധീനം ചെലുത്തുന്നില്ലെങ്കിൽ അത് എ.ഡി.എച്ച്.ഡി അല്ല.

**എ.ഡി.എച്ച്.ഡിയെ നേരിടേണ്ടതെങ്ങനെ?**

പൂർണമായും ചികിൽസിച്ചു ഭേദമാക്കാൻ കഴിയുന്ന ഒരവസ്ഥയല്ലിത്. എന്നാൽ കൃത്യമായ ചില തന്ത്രങ്ങൾ ഉപയോഗിച്ചും ഉറ്റവരുടെ പിന്തുണയുടെ സഹായത്താലും ഫലപ്രദമായി എ.ഡി.എച്ച്.ഡിയെ നേരിടാൻ സാധിക്കും. വിദഗ്ധരുടെ സഹായം, മരുന്നുകൾ, ബിഹേവിയറൽ തെറാപ്പി എന്നിവയാണ് അതിനുള്ള പോംവഴികൾ.എത്രയും വേഗം രോഗം തിരിച്ചറിഞ്ഞ്, തുടർച്ചയായി അതിനെ മാനേജ് ചെയ്യുന്നതാണ് ഏറ്റവും പ്രധാനം. എങ്കിൽ മേല്പറഞ്ഞ ലക്ഷണങ്ങളെ പ്രതിരോധിച്ച് എ.ഡി.എച്ച്.ഡി ഉള്ളവർക്കും സാധാരണ ജീവിതം നയിക്കാൻ കഴിയും.





## ഫെഡറൽ ബാങ്കും ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസും സഹകരിക്കും

**കൊച്ചി:** ഇടപാടുകാർക്ക് വൈവിധ്യമാർന്ന ലൈഫ് ഇൻഷുറൻസ് സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മുൻനിര സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്ക് ലൈഫ് ഇൻഷുറൻസ് കമ്പനിയായ ടാറ്റ എഐഎ ലൈഫ് ഇൻഷൂറൻസുമായി ധാരണയിലെത്തി.

ഈ ബാങ്കഷ്വറൻസ് സഹകരണത്തിലൂടെ ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസിന്റെ വിവിധ ഇൻഷുറൻസ് ഉത്പന്നങ്ങൾ ഫെഡറൽ ബാങ്കിന്റെ രാജ്യത്തുടനീളമുള്ള ശാഖകൾ വഴി ലഭ്യമാകും. ടേം ഇൻഷുറൻസ്, വിവിധ നിക്ഷേപ പദ്ധതികൾ, റിട്ടയർമെന്റ്, പെൻഷൻ പദ്ധതികൾക്കൊപ്പം ലൈഫ് ഇൻഷുറൻസ് പരിരക്ഷയും, വരുമാനം നൽകുന്ന നിക്ഷേപവും ആരോഗ്യ പരിരക്ഷയും ഒന്നിച്ചു ലഭിക്കുന്ന പരം രക്ഷക് പോലുള്ള വൈവിധ്യമാർന്ന പദ്ധതികളും ലഭ്യമാണെന്നും വിപണിയിൽ ലഭിക്കാവുന്ന മികച്ച ലൈഫ് ഇൻഷുറൻസ് സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുകയാണ് ടാറ്റ എഐഎയുമായുള്ള ബാങ്കഷ്വറൻസ് പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. ഇൻഷുറൻസ് പദ്ധതികളിൽ ചേരുന്ന ഇന്ത്യക്കാരുടെ എണ്ണം വളരെ കുറവാണെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ പങ്കാളിത്തത്തിലൂടെ ഇടപാടുകാരുടെ സാമ്പത്തിക സുരക്ഷയും വെൽത്ത് മാനേജ്മെന്റും മെച്ചപ്പെടുത്താനാണ് ബാങ്ക് ലക്ഷ്യമിടുന്നതെന്നും അവർ പറഞ്ഞു.

സാങ്കേതികവിദ്യാ സൗഹൃദ സേവനങ്ങളിൽ മുൻനിരയിലുള്ള ഫെഡറൽ ബാങ്കുമായി ദീർഘകാല ഇൻഷുറൻസ് സേവന പങ്കാളിത്തമുണ്ടാക്കാനായതിൽ അതിയായ സന്തോഷമുണ്ടെന്ന് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ രമേശ് വിശ്വനാഥൻ പറഞ്ഞു. തങ്ങളുടെ വൈവിധ്യമാർന്ന ഇൻഷുറൻസ് പരിരക്ഷാ പദ്ധതികളിലൂടെ ഫെഡറൽ ബാങ്ക് ഇടപാടുകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സുരക്ഷിത ജീവിതം ഉറപ്പാക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

## സെൽഫ് സെർവ് പ്ലാറ്റ്ഫോം പുറത്തിറക്കി ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ

**കൊച്ചി:** 2024 ഐസിസി മെൻസ് ടി20 ലോകകപ്പിന് മുന്നോടിയായി പരസ്യദാതാക്കൾക്ക് സമാനതകളില്ലാത്ത അവസരം വാഗ്ദാനം ചെയ്യുന്ന ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ സെൽഫ് സെർവ് പ്ലാറ്റ്ഫോമിൻറെ മെച്ചപ്പെടുത്തിയ പതിപ്പ് 2.0 യുടെ അവതരണം പ്രഖ്യാപിച്ചു. സ്പോർട്സ് ആൻഡ് എൻറർടൈൻമെൻറ് ഉള്ളടക്കത്തെ പിന്തുണയ്ക്കുന്നതാണ് പുതിയ പതിപ്പ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, മറാത്തി, കന്നഡ, ബംഗാളി എന്നീ എട്ട് ഭാഷകളിൽ എൻറർടൈൻമെൻറ് ഉള്ളടക്കം ലഭിക്കും. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ എന്നീ 5 ഭാഷകളിലാണ് സ്പോർട്സ് ഉള്ളടക്കം ലഭിക്കുക.

എല്ലാ ബിസിനസുകളിലും പരസ്യദാതാക്കൾക്ക് തടസമില്ലാത്തതും ആക്സസ് ചെയ്യാവുന്നതുമായ മികച്ച അനുഭവമാണ് ഈ അപ്ഗ്രേഡ് ചെയ്ത പതിപ്പ് വാഗ്ദാനം ചെയ്യുന്നത്. പരസ്യദാതാക്കൾക്ക് മൂന്ന് മണിക്കൂറിനുള്ളിൽ അവരുടെ ക്യാമ്പയിനുകൾ ആരംഭിക്കാൻ കഴിയുമെന്ന് സെൽഫ് സെർവ് പ്ലാറ്റ്ഫോം ഉറപ്പാക്കുന്നു. പരസ്യദാതാക്കൾക്ക് അവരുടെ പ്രേക്ഷകരെ ടാർഗെറ്റ് ചെയ്യുന്നതിന് 1000ലേറെ ടാർഗെറ്റിംഗ് ഓപ്ഷനുകളും ലഭ്യമാണ്. ആദ്യമായി പരസ്യം ചെയ്യുന്നവർക്ക് പ്രത്യേക ഇൻസെൻറീവുകളും പ്ലാറ്റ്ഫോമിൽ അവതരിപ്പിച്ചിട്ടുണ്ട്.

## കെ മാറ്റ് 2024ന് അപേക്ഷിക്കാം

**തിരുവനന്തപുരം:** 2024 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിനായി (കെ.മാറ്റ് സെക്ഷൻ കക) വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ജൂൺ ആറിനു വൈകിട്ട് നാലു വരെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാം. വിശദവിവങ്ങൾക്ക് പ്രവേശന പരീക്ഷ കമ്മീണറുടെ വെബ്സൈറ്റ് കാണുക. ഫോൺ: 0471 2525300.

## ആമസോൺ ഫാഷനിൽ വാർഡ്രോബ് റിഫ്രെഷ് സെയിൽ

**കൊച്ചി:** ആമസോൺ ഫാഷനിൻറെ പതിനാലാമത് വാർഡ്രോബ് റിഫ്രെഷ് സെയിൽ മെയ് 31 മുതൽ ജൂൺ 5 വരെ നടക്കും. മികച്ച ഡീലുകളും ഓഫറുകളുമായി എത്തുന്ന സെയിലിൽ അലൻ സോളി, വാൻ ഹുസെൻ, ക്രോക്സ്, പ്യൂമ, ടൈറ്റാൻ, ഫാസ്ട്രാക്ക്, ലാക്മെ, ബിബ, ഡൌവ്, സഫാരി, അമേരിക്കൻ ടൂറിസ്റ്റർ, യൂബെല മുതലായ 1500ലധികം ബ്രാൻഡുകളിൽ നിന്നും തിരഞ്ഞെടുക്കാം. എല്ലാ ദിവസവും രാത്രി 7 മുതൽ അർധരാത്രി വരെ ലിമിറ്റഡ് ടൈം ഡീലുകൾ, 'സ്റ്റീൽ ഡീലുകൾ' എന്നിവ മുൻനിര ബ്രാൻഡുകളിൽ വലിയ ലാഭം നൽകുന്നു. കുറഞ്ഞത് 60% ഇളവും, 10% വരെ കൂടുതൽ ഡിസ്ക്കൗണ്ടും ലഭിക്കുവാൻ അവസരമുണ്ട്. കൂടാതെ, കളകളക ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് 10% കൂടുതൽ ലാഭിക്കാം. പ്രൈം ഉപഭോക്താക്കൾക്ക് എല്ലാ പ്രീപെയ്ഡ് ട്രാൻസാക്ഷനുകൾക്കും 10% അധിക ക്യാഷ്ബാക്ക് ലഭിക്കും.മികച്ച മൂല്യത്തിലും സൗകര്യത്തിലും ബ്രാൻഡുകളുടെ വിപുലമായ സെലക്ഷനും, ട്രെൻഡിംഗ് സ്റ്റൈലുകളും, പുതിയ ലോഞ്ചുകളും വാഗ്ദാനം ചെയ്തുകൊണ്ട് തങ്ങളുടേതായ തനതായ സ്റ്റൈൽ കണ്ടെത്താൻ ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതാണ് ആമസോൺ ഫാഷനിലെന്ന് ആമസോൺ ഫാഷൻറെ വൈസ് പ്രസിഡൻറ് സൗരഭ് ശ്രീവാസ്!തവ പറഞ്ഞു. വാർഡ്രോബ് റിഫ്രഷ് സെയിലിൻറെ




ഭാഗമായി, ആമസോൺ ഫാഷൻ ജൂൺ 3ന് മുംബൈയിൽ എക്സ്ക്ലൂസീവ് ഇവൻറ് നടത്തും. ടോപ്പ് ബ്രാൻഡുകൾ, ബെസ്റ്റ്സെല്ലിംഗ് ഉൽപ്പന്നങ്ങൾ എന്നിവയും മറ്റും പ്രദർശിപ്പിക്കും. റിയ കപൂറും നിതിഭ കൗളും ആതിഥേയത്വം വഹിക്കുന്ന ഇതിൽ സ്റ്റൈലിംഗ് വർക്ക്ഷോപ്പുമുണ്ടാകും. ആമസോൺ ഫാഷൻ ബോളിവുഡ് താരങ്ങളായ അനയ പാണ്ഡെ, ആദിത്യ റോയ് കപൂർ എന്നിവരെ ഉൾപ്പെടുത്തി ഒരു പുതിയ കാംപെയിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663